ഉത്തരം

(എ&ബി) ബഹു. ഹൈക്കോടതിയുടെ 4579/98 എന്ന ഒറിജിനൽ പെറ്റീഷനിലെ തീർപ്പ് പ്രകാരം 23-6-1999-ന് മുമ്പ് ഒറിജനൽ പെറ്റീഷൻ നൽകിയ കരാറുകാരുടെ കുടിശ്ശിക നാലു മാസത്തിനകം നൽകണമെന്ന കോടതി വിധി പാലിക്കപ്പെടുന്നതിനു വേണ്ടിയാണ് വടക്കൻ ജില്ലകൾക്ക് തുക അനുവദിച്ചത്. അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) 1999-2000-ാമാണ്ടത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ തുക മൈനർ ഹെഡു പ്രകാരം നാല് ക്വാർട്ടറുകളിലായി ആണ് അനുവദിക്കുന്നത്. അതനുസരിച്ച് ഓരോ ക്വാർട്ടറുകളിൽ ആലപ്പുഴ ജില്ലയ്ക്ക് 5054-04-800 എന്ന ശീർഷകത്തിൽ അനുവദിച്ച തുക താഴെപറയും പ്രകാരമാണ്.

ഒന്നാമത് ക്വാർട്ടറിൽ - 1,00,00,000 രൂപ

രണ്ടാമത് ക്വാർട്ടറിൽ - 1,08,42,000 രൂപ

മൂന്നാമത് ക്വാർട്ടറിൽ - 58,62,0000 രൂപ

2000 ഫെബ്രുവരി 24-ാം തീയതിലെ താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

ചോദ്യം നമ്പർ

440, 456, 463, 501, 502, 503, 507, 508, 509, 512, 530, 533, 564, 572.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ ക്ലിനിക്കൽ ലാബുകളുടെ പ്രവർത്തനം

[9.30 A.M]

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, വൈദ്യ ചികിത്സാരംഗത്തെ വളരെ പ്രധാനമായൊരു സംഗതിയാണ് ഞാൻ കാളിംഗ് അറ്റൻഷനിലൂടെ കൊണ്ടുവരുന്നത്. നമ്മുടെ നാട്ടിൽ ക്ലിനിക്കൽ ലാബുകളെ നിയന്ത്രിക്കാൻ വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കണക്കിനു പറഞ്ഞാൽ, ജീവനെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. കുണ്ട് മുളച്ചു പൊന്തുന്നതുപോലെയാണ് ക്ലിനിക്കൽ ലാബുകൾ പൊന്തുന്നത്. ആർക്കും എവിടെയും എങ്ങനെയും ക്ലിനിക്കൽ ലാബ് തുടങ്ങാം എന്നുള്ള സ്വഭാവത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഇത് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. രോഗനിർണ്ണയപ്രക്രിയയിൽ ലാബ്ടെസ്റ്റ് എന്നു പറയുന്നത് പ്രധാനമായൊരു സംഗതിയാണ്. ലാബ് ടെസ്റ്റിൽ ഒരു തെറ്റു സംഭവിച്ചാൽ അതിന്റെ ഫലമായി ചികിത്സാനടപടിയാകെ തകിടം മറിയുമെന്നു മാത്രമല്ല, മനുഷ്യന്റെ മരണത്തിനുവരെ ഇടയാക്കുന്ന വിധത്തിൽ കാര്യങ്ങൾ ചെന്നുചേരുമെന്നുള്ളതിൽ സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിനെക്കുറിച്ച് അറിയാം. ക്ലിനിക്കൽ ലാബുകളുടെ പ്രവർത്തനമാകട്ടെ, അല്ലെങ്കിൽ അതിന്റെ ഗുണനിലവാരത്തിന്റെ കാര്യമാകട്ടെ, അല്ലെങ്കിൽ അവിടെ ഈടാക്കുന്ന ഫീസിന്റെ കാര്യമാകട്ടെ ഈ മൂന്നു കാര്യങ്ങളും നിയന്ത്രിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് യാതൊരു നിയമവും നമ്മുടെ രാജ്യത്ത് ഇപ്പോൾ നിലവിലില്ല. ഇവിടെ യൊരു മുറുക്കാൻകടയാണെങ്കിലും വേറെ ഏതൊരു സ്ഥാപനമാണെങ്കിലും അതു തുടങ്ങാൻ പഞ്ചായത്തിന്റെ ലൈസൻസ് വേണം. ക്ലിനിക്കൽ ലാബ് തുടങ്ങാൻ ഇപ്പോൾ ലൈസൻസ് വേണ്ട. ഏതെങ്കിലുമൊരു പീടികയുടെ മുകളിൽ രണ്ടു ശീലയും വച്ചുകെട്ടി അവിടെ ഒരു ബോർഡ് വച്ച് ഇഷ്ടം പോലെ എല്ലാവരും ക്ലിനിക്കൽ ലാബുകൾ തുടങ്ങിക്കൊണ്ടിരിക്കുകയാണ്. രോഗിയുടെ അജ്ഞതയെ ചൂഷണം ചെയ്ത് വലിയ സാമ്പത്തികലാഭമുണ്ടാ ക്കുകയും ചെയ്യുന്നു. ക്വാളിറ്റിയുടെ കാര്യത്തിലും യാതൊരു നിയന്ത്രണവു മില്ല. ഏതെങ്കിലുമൊരു സ്റ്റാറ്റ്യൂട്ടറി ബോഡിക്കോ, ഒരു അതോറിറ്റിക്കോ ഒരു ക്ലിനിക്കൽ ലാബിൽ കയറി പരിശോധിക്കാൻ ഇന്നത്തെ നിയമപ്രകാരം സാധ്യമല്ല, സാധ്യമാകില്ല. ഹെപ്പറ്റൈറ്റിസ്-ബി പോലുള്ള വൈറസുകൾ 80 ശതമാനവും പകരുന്നത് നീഡിൽ മാറ്റാതെ, ഉപയോഗിച്ചതു തന്നെ ഉപയോഗി ക്കുന്നതിന്റെ ഫലമായിട്ടാണെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്ന താണ്. ഇതുപോലുള്ള വൈറസുകൾ കയറിക്കഴിഞ്ഞാൽ ആളുകൾക്ക് ഉണ്ടാ കുന്ന വിപത്ത്, ആളുകൾക്കുപയോഗിക്കുന്ന സിറിഞ്ച് ഒരിക്കൽ ഉപയോഗിച്ച താണോ വീണ്ടും ഉപയോഗിക്കുന്നത്, അതിനെക്കുറിച്ച് ഒരു പരിശോധനയെ ങ്കിലും നടത്താൻ ആർക്കാണ് അവകാശമുള്ളത്. ആർക്കാണ് അവിടെ കയ റാൻ പറ്റുന്നത്? അതിന് എന്തു നിയമമാണ് ഉള്ളത്? അതിനുപുറമേ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് പറയാം. പല ക്ലിനിക്കൽ ലാബുകളിൽ ചെന്നാലു മുള്ള സ്ഥിതി എന്താണ്? അവിടെ ഇരിക്കാനോ നിൽക്കാനോ സ്ഥലമുണ്ടാ കില്ല. ചെറിയ മുറികളിലാണ് ക്ലിനിക്കൽ ലാബുകൾ പ്രവർത്തിക്കുന്നത്. ക്ലിനിക്കൽ ലാബുകൾ നടത്തുന്ന മുറികൾക്ക് ഇത്ര നീളം വേണമെന്നോ ഇത്ര വീതി വേണമെന്നോ ഇല്ല. ഒരിടത്ത് ഒരാളിന്റെ ബ്ലഡ് എടുത്തു വച്ചിട്ടു ണ്ടാകും. മറ്റൊരിടത്ത് വേറൊരാളുടെ ബ്ലഡ് എടുത്തു വച്ചിട്ടുണ്ടാകും. അത് അങ്ങോട്ടുമിങ്ങോട്ടും മാറും. ഇൻഫാസ്ട്രക്ച്ചർ വലുതായിട്ടൊന്നും വേണ്ട, ചിട്ടയോടെ സാധനങ്ങൾ വയ്ക്കാനുള്ള സൗകര്യം, ഇത്ര നീളം, ഇത്ര വീതി വേണമെന്നുള്ള ഒരു വ്യവസ്ഥപോലും ഇന്ന് പല ക്ലിനിക്കൽ ലാബുകളെ സംബന്ധിച്ചുമില്ല. മാത്രമല്ല, പൊളിഞ്ഞ ഏതെങ്കിലും കെട്ടിടത്തിന്റെ മുകളി ലായിരിക്കും ലാബുകൾ സ്ഥാപിക്കുന്നത്. അങ്ങനെ വരുമ്പോൾ contamination അടക്കമുള്ള കാര്യങ്ങൾക്കും സാധ്യതയുണ്ട്. അതൊന്നും നോക്കാൻ ഇന്നത്തെ സംവിധാനത്തിൽ യാതൊരു നടപടികളുമില്ലെന്നുള്ള താണ് പരമാർത്ഥം. ടെസ്റ്റ് റിപ്പോർട്ടുകളൊക്കെ മാറിപ്പോകുന്ന നിരവധി സംഭ വങ്ങൾ ഉണ്ട്. ഒരിക്കൽ ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചികിത്സ തുട ങ്ങിയശേഷം കുറച്ചുകഴിഞ്ഞ് വേറൊരിടത്തു പരിശോധിക്കുന്ന സമയത്ത് ആ ടെസ്റ്റ് റിപ്പോർട്ട് തെറ്റായിരിക്കും. അങ്ങനെ വരുമ്പോൾ ഇതൊന്നും നോക്കാൻ ഒരു സംവിധാനവുമില്ല. അതു നോക്കിയില്ലെങ്കിൽ ഒരു പക്ഷേ ആ രോഗിക്ക് പിന്നീട് തെറ്റായ വിധത്തിൽ ചികിത്സ നടത്തേണ്ടിവരും. ബ്ലഡ്ഷുഗ റില്ലാത്ത ആളിന് ബ്ലഡ്ഷുഗറുണ്ടെന്നു കണ്ടുപിടിച്ചാൽ, അയാൾക്ക് ചികിത്സ തുടങ്ങിക്കഴിഞ്ഞാൽ കുഴപ്പമായില്ലേ? അതൊരു ചെറിയ സംഗതി ആണെന്നു വയ്ക്കാം. വലിയൊരു സംഗതിയുടെ കാര്യമെടുക്കാം. തെറ്റായ ഒരു ഡയഗ്നോ സിസിന്റെ ഫലമായിട്ട് അതിലേയ്ക്കു നയിക്കുന്നത് തെറ്റായ ഒരു മെഡിക്കൽ റിപ്പോർട്ടാണ്; ഒരു ലാബ് റിപ്പോർട്ടാണ്. അത്തരം സ്വഭാവത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത് എന്നുള്ളത് മനസ്സിലാക്കണം. ചില ലാബിലൊക്കെ ചെന്നാൽ വെളിച്ചമില്ല, അവിടെ ജനലൊന്നും കാണുകയില്ല, ചെറിയൊരു ദ്വാരം മാത്രം കാണും. ചില സ്ഥലങ്ങളിൽ വെള്ളം കാണുകയില്ല. മറ്റൊന്ന്

LIBRARY ARCHIVES Kerala Legislative Assembly

യൂണിഫോമിന്റെ കാര്യമാണ്. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ആളുകൾക്ക് മലിനീകരണം തടയാൻ പറ്റുന്ന വിധത്തിലുള്ള യൂണിഫോം വേണം. കൈലിമുണ്ടുമുടുത്ത് മെഡിക്കൽ ലാബുകളിൽ കയറി നിൽക്കുകയാണ് പലരും. വൃത്തി വേണ്ടേ? ആർക്കും എന്തും ഇഷ്ടംപോലെ ചെയ്യാമെന്ന സ്വഭാവത്തിലേയ്ക്ക് ജീവനെ തന്നെ ബാധിക്കുന്നതുപോലുള്ള സംഗതിയിലേയ്ക്കു പോകുന്നത് ശരിയല്ല. ലാബ് ടെസ്റ്റ് നടത്തിയാൽ അതിന്റെ രേഖ എവിടെയാണുള്ളത്? ഇന്നു പരിശോധിച്ച ബ്ലഡിന്റെ റിസൾട്ടിന്റെ കോപ്പി എവിടെയുണ്ട്? അതു പിന്നീടു ചോദിക്കുന്ന സയമത്തു കൊടുക്കാനുള്ള ബാധ്യത വേണ്ടേ? ഒരു ഡോക്ടർ ചികിത്സിച്ച് എന്തെങ്കിലും തകരാറു വന്നാൽ നേരത്തെ പരിശോധിച്ച മെഡിക്കൽ റിപ്പോർട്ട് എന്താണെന്നു നോക്കാൻ പോയാൽ അതവിടെ കാണുകയില്ല, അതു കീറിക്കളഞ്ഞുകാണും. രേഖ കാണുകയില്ല. ടെക്നിക്കലി ക്വാളിഫൈഡായിട്ടുള്ള സ്റ്റാഫ് വേണം. ഒന്നുകിൽ ഡി.എച്ച്.എസ്സിന്റെ അല്ലെങ്കിൽ പാരാമെഡിക്കൽ സ്ഥാപനത്തിന്റെ അല്ലെങ്കിൽ മെഡിക്കൽകോളേജിന്റെ ഏതെങ്കിലുമൊരു ക്വാളിഫൈഡായിട്ടുള്ള ആൾ വേണമെന്ന് നിർബന്ധിച്ചിട്ടുണ്ട്. അതിപ്പോഴില്ല. ഒരു മെഡിക്കൽ സ്റ്റോർ തുറക്കണമെങ്കിൽ അതു സംബന്ധിച്ച കോഴ്സ് പാസ്സായ ആളുകൾ വേണം. ഒരു ക്ലിനിക്ക് നടത്തണമെങ്കിലോ, അതു സംബന്ധിച്ച ക്വാളിഫിക്കേഷനുള്ള ആളു തന്നെ വേണമെന്ന് നിർബന്ധമില്ല. എവിടെ നിന്നെങ്കിലും ഡിഗ്രി വാങ്ങിക്കൊണ്ടുവന്ന് ക്വാളിഫൈഡല്ലാത്ത ഒരാൾ വർക്കു ചെയ്താൽ ഉണ്ടാകുന്ന അപകടങ്ങൾ നമ്മൾ ഗൗരവമായിട്ടു കാണണം. മിനിമം റിക്വയേർഡ് എക്വിപ്മെന്റ്സ് എന്താണ്? മിനിമം ഇത്ര കെമിക്കൽസ്. ഇത്ര ടെസ്റ്റ് ട്യൂബ് എന്നുപറയുന്ന ഒരു കണ്ടീഷനും ഇല്ല. അവർക്ക് ഇഷ്ടംപോലെ ചെയ്യാൻ പറ്റുന്ന ഒരു സംവിധാനമാണുള്ളത്. ഒരു ഇൻസ്പെക്ഷൻ സംവിധാനവും ഇല്ല. ഞാൻ ഇതിനെക്കുറിച്ച് പഠിച്ചപ്പോൾ മനസ്സിലാക്കിയത്, ഡ്രഗ്സ് കൺട്രോൾ ഓഫീസർക്കോ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഒരാൾക്കോ പ്രൈവറ്റായിട്ടുള്ള ഇത്തരം ക്ലിനിക്കുകളിൽ കയറി പരിശോധിക്കാനുള്ള അധികാരമില്ല. നിയമം സമ്മതിക്കുന്നില്ല, അവർക്കവിടെ പോകാൻ പറ്റില്ല. അവർക്ക് അവരുടെ ഇഷ്ടംപോലെ ചെയ്യാം. വേറെ എവിടെയും കയറി പരിശോധിക്കാനുള്ള അവകാശമുണ്ട്. ഇവിടെ പരിശോധിക്കാൻ ഒരൊറ്റ ഉദ്യോഗസ്ഥനും ഇന്നത്തെ സാഹചര്യത്തിൽ നിയമമില്ല. തെറ്റു സംഭവിച്ചാൽ എന്താണു സ്ഥിതി? അതിന്റെ പേരിൽ നടപടി എടുക്കാനോ ശിക്ഷിക്കാനോ മേലിൽ ഇത്തരം തെറ്റ് വരാതെ സൂക്ഷിക്കാനോ കഴിയുന്ന വിധത്തിൽ എന്തെങ്കിലും പിഴയോ മറ്റോ ഈടാക്കാനുള്ള സംവിധാനം ഇന്നില്ല. ഫീസ് ഈടാക്കുന്ന കാര്യം എടുക്കാം. ബ്ലഡ് ഷുഗർ ഒരാൾ പരിശോധിച്ചാൽ 25 രൂപ വാങ്ങും, വേറൊരാൾ പരിശോധിച്ചാൽ 100 രൂപ വാങ്ങും. ചെറിയൊരു ടെസ്റ്റാണെങ്കിൽ അതിന്റെ റേറ്റ് മനസ്സിലാക്കാം. വളരെ കോംപ്ലിക്കേറ്റഡായിട്ടുള്ള ഒരു ടെസ്റ്റാണെങ്കിൽ അതും മനസ്സിലാക്കാം. ഒരിടത്ത് 55 രൂപയാണെങ്കിൽ മറ്റൊരിടത്ത് 35 രൂപയ്ക്ക് റിസൾട്ട് കൊടുക്കും. ഇതിനാവശ്യമായിട്ടുള്ള കെമിക്കൽസ് എന്താണ്? ഓരോ ഇനം ടെസ്റ്റിനും ഓരോ സ്ലാബു വച്ചുകൂടേ? രോഗിക്ക് എന്തറിയാം? അസുഖം വരുന്ന സമയത്ത് അയാൾക്ക് വിഷമമുള്ള അവസ്ഥയാണ് വരുന്നത്. രോഗി പോയി അയാൾ ചോദിക്കുന്ന പൈസ കൊടുക്കും. മാത്രമല്ല, ചിലർ പറയുന്നത് ഡോക്ടർമാർ ഇന്ന ലാബിൽ നിന്നു പരിശോധിക്കണമെന്നു പറയുന്നുണ്ട് എന്നാണ്. അതെനിക്ക് അറിയില്ല. എന്തായാലും ശരി, ഇതിലൊക്കെ ഒരു സ്റ്റാൻഡേർഡൈസേഷൻ വേണ്ടേ? ഈ രാജ്യത്ത് ആർക്കും എങ്ങനെയും പണം പിടിച്ചുപറ്റാമെന്ന അവസ്ഥയാണ്. അതി

LIBRARY ARCHIVES Kerala Legislative Assembly

നൊന്നും യാതൊരു നിയന്ത്രണവുമില്ല. ക്വാളിറ്റി വേണ്ട. ആർക്കു വേണമെങ്കിലും ഒരു ബോർഡും വച്ച് ക്ലിനിക്കൽ ലാബുകൾ തുടങ്ങാമെന്നുള്ള സ്വഭാവത്തിലേയ്ക്ക് ഇതിനെ കയറഴിച്ചുവിടരുത്. ക്വാളിറ്റിയില്ലെങ്കിൽ ഇത് അപകടം ചെയ്യും. ഇതുപോലുള്ള കാര്യങ്ങളിൽ ചില നിയമങ്ങളും നിയന്ത്രണങ്ങളും ഇല്ലെങ്കിൽ അതിന്റെ ഫലമായി നശിക്കുന്നത് മനുഷ്യനാണ്. ഇതു വളരെ ഗൗരവമുള്ള ഒരു സംഗതിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി പുതിയതായി ചാർജ്ജെടുത്ത വ്യക്തിയാണ്. ഞാൻ അപേക്ഷിക്കുന്നത്, ക്ലിനിക്കൽ ലാബുകളെ നിയന്ത്രിക്കുന്നതിന്, അതിൽ സൂപ്പർവിഷൻ നടത്തുന്നതിന്, അതിന്റെ റേറ്റ്, ഫീസ് എന്താണെന്നു തീരുമാനിക്കുന്നതിന് മിനിമം ഇൻഫ്രാസ്ട്രക്ചർ എന്തായിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നതിന് ആവശ്യമായ സമഗ്രമായ ഒരു നിയമം വളരെ വൈകാതെ തന്നെ കൊണ്ടുവരണമെന്നാണ്. അതിനു ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, വളരെ കാലികവും നമ്മുടെ എല്ലാവരുടേയും അടിയന്തിരശ്രദ്ധ പതിയേണ്ടതുമായ ഒരു കാര്യത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ ശ്രദ്ധക്ഷണിച്ചത്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പലതും ശരിയാണ്. നമുക്കതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടിവരുമെങ്കിലും എന്റെ കൈയിലുള്ള രേഖകൾ വച്ചുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് സഭയിൽ വിവരങ്ങൾ അറിയിക്കുന്നതാണ്. സംസ്ഥാനത്തെ ക്ലിനിക്കൽ ലാബുകളുടെ ലൈസൻസിംഗ്, ഗുണനിലവാരം ഉറപ്പുവരുത്തൽ, പ്രവർത്തനം കുറ്റമറ്റതാക്കൽ എന്നിവ സംബന്ധിച്ച് പ്രത്യേകമായ ഒരു നിയമവും നിലവിലില്ല. എന്നാൽ സർക്കാരിന്റെ അംഗീകാരമില്ലാതെ പല സ്ഥലങ്ങളിലും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ യോഗ്യതയും പ്രവർത്തന പരിചയവുമില്ലാത്തവർ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ചില ലാബുകൾ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഗുണനിലവാരം പലപ്പോഴും കുറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരേ ടെസ്റ്റിന് വിവിധ സ്ഥാപനങ്ങൾ വ്യത്യസ്തമായ റിസൽട്ട് നൽകുന്നതായി കാണുന്നുണ്ട്. അതുപോലെതന്നെ വ്യത്യസ്തമായ ഫീസും ഈടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിനും നിലവാരം പരിശോധിക്കുന്നതിനും ഉതകുമാറ് കേരളാ പാരാമെഡിക്കൽ ടെക്നീഷ്യൻ കൗൺസിൽ ബിൽ 1995 എന്നപേരിൽ ഒരു കരടുനിയമം സർക്കാരിന്റെ പരിഗണനയിലുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ എന്നിവയുടെ പ്രവർത്തനത്തിന് കരടു ബില്ലിൽ വിഭാവനം ചെയ്തിട്ടുള്ള കൗൺസിലിന്റെ അംഗീകാരം വേണമെന്നും ടെക്നീഷ്യൻമാരായി പ്രവർത്തിക്കുന്നതിന് കൗൺസിലിൽനിന്നും രജിസ്ട്രേഷൻ സമ്പാദിക്കണമെന്നുമുള്ള വ്യവസ്ഥകൾ ഈ കരടു ബില്ലിൽ കാണുന്നു. ഈ ബിൽ പ്രാവർത്തികമായാൽ എല്ലാ ക്ലിനിക്കൽ ലാബുകളിലും പ്രവർത്തിക്കുന്ന ടെക്നീഷ്യന്മാരുടെ യോഗ്യതയും സാങ്കേതിക ജ്ഞാനവും ഉറപ്പുവരുത്തുന്നതോടൊപ്പം സ്ഥാപനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്താനാകും. ഈ കരടു ബില്ലിൻമേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അദ്ദേഹം വളരെ വ്യക്തമായി ഒട്ടേറെ കാര്യങ്ങൾ പറയുകയുണ്ടായി. ആർക്കും എപ്പോഴും എവിടെയും ക്ലിനിക്കൽ ലാബുകൾ തുടങ്ങാമെന്നുള്ള സാഹചര്യത്തിന് കടിഞ്ഞാണിടണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

1116/2010

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ലാബ് സൗകര്യമില്ലാത്ത ഗവൺമെന്റ് താലൂക്ക് ആശുപത്രികൾ പോലും ഇവിടെയുണ്ട്. എന്റെ നിയോജകമണ്ഡല മായ പീരുമേട് ഉൾപ്പെടെയുള്ള താലൂക്ക് ആശുപത്രിയിൽ ലാബ് സൗകര്യ മില്ല. ഗവൺമെന്റ് താലൂക്ക് ആശുപത്രിയില്ലെങ്കിലും ലാബ് സൗകര്യമുണ്ടാ യാൽ ഇത്തരം കാര്യങ്ങൾ ഒഴിവാക്കാൻ കഴിയും.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നടപടിയെടുക്കാമെന്നു പറഞ്ഞത് വളരെ സ്വാഗതാർഹമായ സംഗതിയാണ്. അതുകൊണ്ട് വേറെ പ്രത്യേകം ചോദ്യമില്ല.

ശ്രീ. വി.സി. കബീർ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതു പോലെ താലൂക്ക് ആശുപത്രികളിൽ അസൗകര്യങ്ങളുണ്ട്. അത് ഗൗരവമായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഗവൺമെന്റ് ആശുപത്രികളിലെ ലാബുകൾകൂടി സജീവമാക്കുന്ന കാര്യം ഇപ്പോൾ സജീവ പരിഗണനയി ലാണ്. അക്കാര്യത്തിൽ ഞാൻ അതീവ ശ്രദ്ധചെലുത്തുന്നതാണ്.

(2) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം നവീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. മോൻസ് ജോസഫ് : സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നത്. ഇന്ന് കേരളത്തിലെ ചെറുപ്പക്കാർ വളരെയേറെ ആശങ്ക യോടുകൂടിയാണ് പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ നോക്കിക്കാണുന്നത്. പി.എസ്.സിയിൽ അപേക്ഷ അയയ്ക്കുന്ന ഓരോ ഉദ്യോഗാർത്ഥിക്കും നിരവധി കാലഘട്ടങ്ങൾക്കു ശേഷമാണ് യഥാർത്ഥത്തിൽ അതിന്റെ പ്രയോജ നത്തിലേക്ക് വരുന്നതെന്നുള്ള നിർഭാഗ്യകരമായ സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് കുറെയേറെ നടപടികൾ സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. മേഖലാ ഓഫീസുകൾ തുറന്നിട്ടുള്ളതും എല്ലാ ജില്ലകളിലും പി.എസ്.സി. ഓഫീസുകൾ കൊണ്ടുവരുന്നതിനുമൊക്കെയുള്ള ശ്രമങ്ങൾ ഉൾപ്പെടെ ഈ രംഗത്ത് കുറേയൊക്കെ ആശാവഹമായ പ്രവർത്തനം കാണുവാൻ കഴിഞ്ഞിട്ടു ണ്ട്. എങ്കിൽപ്പോലും ഇന്നും രൂക്ഷമായ പ്രതിസന്ധി തുടരുകയാണ്. നമ്മുടെ സംസ്ഥാനത്തെ പി.എസ്.സി. യിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതിന്റെ കണക്കുപരിശോധിക്കുമ്പോൾ ഇതിന്റെ ഗുരുതരാവസ്ഥ നമുക്ക് മനസ്സിലാ ക്കാൻ കഴിയും. ഇപ്പോൾ ഏകദേശം 80 ലക്ഷത്തോളം അപേക്ഷകൾ അന്തിമ തീർപ്പുകാത്ത് വിവിധ ഘട്ടങ്ങളിലായി പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്നതാ യിട്ടാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഇതുകൂടാതെ പോലീസ് സേനയി ലേയ്ക്ക് വന്നിട്ടുള്ള 10,000-ത്തോളം ഒഴിവുകളിലേയ്ക്കുകൂടി ഇപ്പോൾ പുതു താ‍യി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. ഇതുകൂടാതെ ജില്ലാ സഹ കരണ ബാങ്കുകളിലെ നിയമനങ്ങളും അതോടൊപ്പം തന്നെ അപ്പെക്സ് സംഘങ്ങളിലെ നിയമനങ്ങളും ഉണ്ടാകാൻ പോകുകയാണ്. ഏകദേശം 15 ലക്ഷത്തോളം അപേക്ഷകൾ അക്കാര്യത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കു ന്നതെന്ന് വിവിധ മാധ്യമങ്ങളിലൂടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്പോഴുള്ള ഏകദേശം 80 ലക്ഷത്തോളം അപേക്ഷകൾ, വരാൻ സാധ്യതയുള്ള 20 ലക്ഷ ത്തോളം അപേക്ഷകൾ ഇതെല്ലാം കൂടി കണക്കാക്കുമ്പോൾ ഏതാണ്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly